# ആർ. എസ്. എസും സാംസ്കാരിക നായകന്മാരും

അടുത്തിടെ മുഖ്യമന്ത്രി പ്രഖ്യാപിച്ച മതതീവ്രവാദ സംഘടനകളുടെ ലിസ്റ്റിൽ ആർ. എസ്. എസിനേയും ചില സംഘപരിവാർ സംഘടനകളേയും ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് കേരളത്തിലെ സാംസ്കാരിക നായകരിൽ ചിലർ പ്രസ്താവനകളിറക്കിയതായി അറിഞ്ഞു. ഈ സംഘടനകളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിന്റെ മാനദണ്ഡം അറിയണമെന്ന് അവർ പറയുകയും ചെയ്തിരിക്കുന്നു.

സഹോദരനെ, അവന്റെ മതവിശ്വാസത്തിന്റെ പേരിൽ രണ്ടാംകിടക്കാരനാക്കുവാനും അവന്റെ മനുഷ്യനെന്ന നിലയിലുള്ള, ഈ രാജ്യത്തെ പൗരനെന്ന നിലയിലുള്ള, ജീവിക്കാനടക്കമുള്ള എല്ലാ അവകാശങ്ങളും നൽകാതിരിക്കാനുള്ള പരിപാടികളും പ്രചരണ പ്രവർത്തനങ്ങളും കഴിഞ്ഞ 80ലേറെ വർഷങ്ങളായി നടത്തിവരുന്ന സംഘടനയെ പിന്നെന്താണ് വിളിക്കേണ്ടത്? വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വംശഹത്യയുടേയും മൊത്തക്കച്ചവടക്കാരായ വി. എച്ച്. പി, ബജ്‌രംഗ്ദൾ ഇടങ്ങിയ ഡസൻ കണക്കിനു സംഘടനകളുടെ ആശയ-ബുദ്ധി-ശാരീരിക ശക്തി സ്രോതസ്സായി വർത്തിക്കുന്നതും ഈ സംഘടന തന്നെ. രാഷ്ട്രപിതാവിന്റെ കൊലപാതകത്തിനുത്തരവാദിത്വം സാങ്കേതികമായി തള്ളിക്കളയാമെങ്കിലും ധാർമ്മിക ബാധ്യത തള്ളിക്കളയാനാകില്ല. ദുരിതത്തിലും ദുരന്തങ്ങളിലുമുള്ള ആശ്വാസപ്രവർത്തനങ്ങൾ പലപ്പോഴും വാജ്പേയിയെ പോലെത്തന്നെ ഇവർക്ക് ഒരു മുഖംമൂടി മാത്രമാണ്. ഗുജറാത്ത് ഭൂകമ്പത്തിനു ശേഷമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളെ കുറിച്ചുള്ള റിപ്പോർട്ടും അവിടം സന്ദർശിച്ചവരുടെ അനുഭവങ്ങളും എങ്ങിനെയെല്ലാം ഈ സംഘടനകൾ ദളിതനേയും മുസ്ലീമിനേയും ആശ്വാസങ്ങൾ ലഭിക്കുന്നതിൽ നിന്ന് മാറ്റി നിർത്തിയെന്ന് വിവരിക്കുന്നുണ്ട്.

കാര്യങ്ങൾ ഇത്രയേറെ വ്യക്തമായ സന്ദർഭത്തിൽ നമ്മുടെ കവികൾക്കും കലാകാരന്മാർക്കും ഇതെല്ലാം കണ്ടില്ലെന്നു നടിച്ച് ആർ. എസ്. എസിനും മറ്റ് സംഘടനകൾക്കുംപിന്തുണ നൽകാൻ എങ്ങിനെ കഴിയുന്നു? സുഗതകുമാരി ടീച്ചറും സുജാത ടീച്ചറും ഭരത് ഗോപിയുമടക്കമുള്ളവർ ഈ ലിസ്റ്റിൽ പെടുന്നത് നമ്മുടെ കേരളീയ സമൂഹത്തെ സ്വാധീനിക്കാൻ ഈ സംഘടനകൾക്ക് എത്രമാത്രം കഴിയുന്നു എന്നതിന്റെ തെളിവാണ്.

**കെ. സി. സന്തോഷ് കുമാർ**
**തൃശ്ശൂർ**